<u>15 -ാം കേരള നിയമസഭ</u>

<u>10 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 454</u> <u>30-01-2024 - ൽ മറുപടിയ്ക്ക്</u>

<u>മെഡിസെപ്പ് പദ്ധതി നടത്തിപ്പിലെ പരാതികൾ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ആർ. സുനിൽകുമാർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ഏർപ്പെടുത്തിയ ആരോഗ്യ ഇൻഷുറൻസ് പദ്ധതിയായ മെഡിസെപ്പിൽ ഉൾപ്പെട്ടിട്ടുള്ള ആശുപത്രികൾ, പ്രസ്തുത ആശുപത്രികളിൽ ഇൻഷുറൻസ് പരിരക്ഷ ലഭിക്കുന്ന ചികിത്സകൾ/പരിശോധനകൾ എന്നിവ ജില്ലതിരിച്ച് അറിയിക്കാമോ; | (എ) | **സംസ്ഥാനത്തെ സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ഏർപ്പെടുത്തിയ ആരോഗ്യ ഇൻഷുറൻസ് പദ്ധതിയായ മെഡിസെപ്പിൽ ഉൾപ്പെട്ടിട്ടുള്ള ആശുപത്രികൾ, പ്രസ്തുത ആശുപത്രികളിൽ ഇൻഷുറൻസ് പരിരക്ഷ ലഭിക്കുന്ന ചികിത്സകൾ/പരിശോധനകൾ എന്നിവയുടെ ജില്ലതിരിച്ചുള്ള വിശദാംശം മെഡിസെപ് വെബ്സൈറ്റിലെ ഹോസ്പിറ്റൽസ് എന്ന മെനുവിൽ ലഭ്യമാണ്.** |
| (ബി) | മെഡിസെപ്പ് വിഹിതമായി നാളിതുവരെ സർക്കാരിന് എത്ര രൂപ ലഭിച്ചിട്ടുണ്ടെന്നും അതിൽ എത്ര രൂപ ഇൻഷുറൻസ് കമ്പനിക്ക് വിഹിതമായി നൽകിയിട്ടുണ്ടെന്നും അറിയിക്കാമോ; | (ബി) | മെഡിസെപ് പദ്ധതിയിലെ ഗുണഭോക്താക്കളുടെ പ്രതിമാസ പ്രീമിയം തുക ഇവരുടെ മെഡിസെപ് കാർഡുകളുടെ എണ്ണം കണക്കാക്കി 3 മാസം കൂട്ടുമ്പോൾ അഡ്വാൻസായി സർക്കാർ ഇൻഷുറൻസ് കമ്പനിയ്ക്ക് കൈമാറുകയും ആയത് തുടർന്നുള്ള മൂന്ന് മാസങ്ങളിൽ ജീവനക്കാരുടെ പ്രതിമാസ ശമ്പളത്തിൽ നിന്നും പെൻഷൻകാരുടെ പ്രതിമാസ പെൻഷൻ തുകയിൽ നിന്നും ഈടാക്കുകയാണ് ചെയ്യുന്നത്. ഇപ്രകാരം നാളിതുവരെ 1144.26 കോടി രൂപ ഇൻഷുറൻസ് കമ്പനിക്ക് പദ്ധതി നടത്തിപ്പിനായി കൈമാറിയിട്ടുണ്ട്. നിലവിൽ 1130467 പേരെ പദ്ധതിയിൽ 'enroll' ചെയ്യിപ്പിച്ചിട്ടുണ്ട്. |
| (സി) | മെഡിസെപ്പിൽ ഉൾപ്പെട്ട പല ആശുപത്രികളും ആയതിന്റെ സേവനം ഇപ്പോൾ നൽകുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണവും അത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടിയും അറിയിക്കാമോ; | (സി) | ഇല്ല |

| | | | |
|---|---|---|---|
| (ഡി) | മെഡിസെപ്പ് പരിരക്ഷ ആശുപത്രികൾ നിഷേധിക്കുന്ന സാഹചര്യത്തിൽ ഇതുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിന് ഏതെങ്കിലും ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിവരം നൽകാമോ? | (ഡി) | മെഡിസെപ്പ് പരിരക്ഷ ആശുപത്രികൾ നിഷേധിക്കുന്ന സാഹചര്യത്തിൽ ഗുണഭോക്താവിന് മെഡിസെപ് വെബ്സൈറ്റിലെ ഗ്രീവൻസ് പോർട്ടലിൽ ഇൻഷുറൻസ് കമ്പനിക്കും സർക്കാർ തലത്തിലെ ത്രിതല സംവിധാനത്തിലും പരാതി സമർപ്പിക്കാവുന്നതും ആയത് പരിശോധിച്ച് വിദഗ്ധ തലത്തിൽ തീരുമാനങ്ങൾ കൈക്കൊള്ളുന്നതുമാണ്. |

സെക്ഷൻ ഓഫീസർ